ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM

## പ്രധാനവാർത്തകൾ

DATE:26-10-2024

1. ഛത്തിസ്ഗഢ് പര്യടനത്തിന്റെ രണ്ടാം ദിനത്തിൽ ഭിലായ് IIT യുടെ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുത്തു.

2. ഇന്ത്യക്കാരായ വിദഗ്ധ തൊഴിലാളികൾക്കുള്ള വീസ പ്രതിവർഷം 90,000 ആയി വർധിപ്പിക്കുമെന്ന് ജർമ്മനി.

3. സംസ്ഥാനത്ത് ഉപതിരെഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിൽ പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ.

4. കാലാവസ്ഥ വ്യതിയാനപഠനകേന്ദ്രത്തിനായി നിർമിക്കുന്ന കെട്ടടസമുച്ചയത്തിന്റെ നിർമാണോദ്ഘാടനം മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഇന്ന് കോട്ടയത്ത് നിർവഹിക്കും.

5. സംസ്ഥാനത്ത് ഇന്നും ശക്തമായ മഴക്ക് സാധ്യത; മലയോര മേഖലയിൽ ജാഗ്രതാ നിർദേശം.

6. പ്രസിദ്ധമായ, ആലപ്പുഴ മണ്ണാറശാല ക്ഷേത്രത്തിലെ ആയില്യം ഉത്സവം ഇന്ന്.

7. പുനെ ക്രിക്കറ്റ് ടെസ്റ്റിൽ ന്യൂസിലന്റിനെതിരെ ഇന്ത്യക്കു 359 റൺസ് വിജയലക്ഷ്യം.

***************

PIU TVM

ഹെഡ്ലൈൻ-1

## രാഷ്ട്രപതി (ഇൻട്രോ)

ഛത്തിസ്ഗഢ് പര്യടനത്തിന്റെ രണ്ടാം ദിനം ഭിലായ് IIT യുടെ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുത്തു.

**(ഹോൾഡ് വോയിസ്)**

70 ലക്ഷം വനിതകൾക്ക് പ്രയോജനം ലഭിക്കുന്ന ഛത്തീസ്ഗഢ് സർക്കാരിന്റെ "മഹ്താരി വന്ദൻ യോജന"യുടെ 9-◌ാ◌ം ഗഡു രാഷ്ട്രപതി ഇന്നലെ വിതരണം ചെയ്തു. രാഷ്ട്രപതിയുടെ രണ്ടു ദിവസത്തെ ഛത്തീസ്ഗഢ് സന്ദർശനം ഇന്നവസാനിക്കും.

***********************************

ഹെഡ്ലൈൻ-2

## ജർമനി - സ്കിൽഡ് വീസ പരിധി

RNUTVPM

ഇന്ത്യയിൽ നിന്നുള്ള, വിദഗ്ധ തൊഴിലാളികൾക്കുള്ള വീസ ജർമ്മനി 90,000 ആയി വർധിപ്പിച്ചു. നിലവിൽ ഒരുവർഷം 20,000 വീസ അനുവദിച്ചിരുന്നതാണു 4 ഇരട്ടിയായി വർധിപ്പിച്ചത്. ജർമൻ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട ഏഷ്യ പസിഫിക് കോൺഫറൻസിൽ പങ്കെടുത്ത പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് ഇക്കാര്യം പ്രഖ്യാപിച്ചത്.

***********************************

## പാലക്കാട്-ഉപതിരഞ്ഞെടുപ്പ് (ഇൻട്രോ)

ഉപതിരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശ പത്രികാ സമർപ്പണത്തിന്റെ അവസാന ദിവസം പാലക്കാട് നിയമസഭാ മണ്ഡലത്തിൽ ഒമ്പത് പേർ കൂടി പത്രിക നൽകി. ഇതോടെ മുന്നണി സ്ഥാനാർഥികൾ ഉൾപ്പടെ മണ്ഡലത്തിൽ പത്രിക സമർപ്പിച്ചവരുടെ എണ്ണം 16 ആയി.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്...

(വോയിസ്)

***********************************

ഹെഡ്‌ലൈൻ-3എ

**ചേലക്കര**

ചേലക്കരയിൽ നാമ നിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന ദിവസമായ ഇന്നലെ 9 പേർ പത്രിക സമർപ്പിച്ചു. എൽഡിഎഫ് സ്ഥാനാർഥി യു ആർ പ്രദീപ്, യുഡിഎഫ് സ്ഥാനാർഥി രമ്യ ഹരിദാസ്, എൻഡിഎ സ്ഥാനാർഥി കെ ബാലകൃഷ്ണൻ, പി വി അൻവർ എംഎൽഎ പ്രഖ്യാപിച്ച ഡിഎംകെ സ്ഥാനാർത്ഥി എൻ കെ സുധീർ എന്നിവർക്കൊപ്പം സ്വതന്ത്ര സ്ഥാനാർത്ഥികളും മത്സര രംഗത്ത് സജീവമാണ്.

***********************************

ഹെഡ്‌ലൈൻ-3ബി

**വയനാട്-ഉപതിരഞ്ഞെടുപ്പ്**

വയനാട് ലോക്സഭ ഉപതിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥി ചിത്രം വ്യക്തമായി. ഇതിനോടകം 21 പേരാണ് നാമ നിർദേശ പത്രിക സമർപ്പിച്ചിരിക്കുന്നത്. 30-ാം തിയതി വരെ പത്രിക പിൻവലിക്കാം. യുഡിഎഫ് സ്ഥാനാർത്ഥി പ്രിയങ്ക ഗാന്ധിക്കായി രാജ്മോഹൻ ഉണ്ണിത്താൻ എംപിയുടെ നേതൃത്വത്തിൽ മീനങ്ങാടിയിൽ വീട് കയറിയുള്ള പ്രചരണം രാവിലെ മുതൽ ആരംഭിച്ചു.

***********************************

ഹെഡ്‌ലൈൻ-5

**മഴ**

RNU TVPM

സംസ്ഥാനത്ത് ഇന്നും വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശൂർ എന്നീ ജില്ലകളിലാണ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുള്ളത്. മലയോര മേഖലകളിൽ പ്രത്യേക ജാഗ്രതാ നിർദ്ദേശം നിലവിലുണ്ട്. ശക്തമായ കാറ്റിന് സാധ്യത ഉള്ളതിനാൽ മത്സ്യതൊഴിലാളികൾ കടലിൽ പോകരുത്.

***********************************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ. പരിപാടിയുടെ 115-ാം പതിപ്പാണിത്. ആകാശവാണിയുടേയും ദൂരദർശന്റേയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും.

RNU TVPM

***********************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

***********************************

ഹെഡ്‌ലൈൻ-4

## കാലാവസ്ഥ വ്യതിയാന പഠനകേന്ദ്രം

കാലാവസ്ഥ വ്യതിയാനപഠനകേന്ദ്രത്തിനായി നിർമിക്കുന്ന പുതിയ കെട്ടടസമുച്ചയത്തിന്റെ ഒന്നാംഘട്ട നിർമാണോദ്ഘാടനം കോട്ടയത്തു ഇന്ന് മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവഹിക്കും. ഉച്ചയ്ക്ക് പള്ളം ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിക്കും. ഒന്നാംഘട്ട പ്രവൃത്തികൾക്കായി സംസ്ഥാന സർക്കാർ രണ്ടു കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

**********************************

ഹെഡ്‌ലൈൻ-6

## മണ്ണറശാല-ആലപ്പുഴ (ഇൻട്രോ)

പ്രസിദ്ധമായ, ആലപ്പുഴ മണ്ണാറശാല ക്ഷേത്രത്തിലെ ആയില്യം ഉത്സവം ഇന്ന്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവി കുമാർ....**

(വോയിസ്)

**********************************

## എസ്. സോമനാഥ്

ഐഎസ്ആർഒ ചെയർമാൻ എസ്. സോമനാഥ് ഇന്ന് ഉച്ചയ്ക്ക് ഡൽഹിയിലെ ആകാശവാണിയുടെ രംഗ് ഭവനിൽ സർദാർ പട്ടേൽ സ്മാരക പ്രഭാഷണം നടത്തും. "ഇന്ത്യൻ സ്പേസ് ഒഡീസി: ഇൻ സെർച്ച് ഓഫ് ന്യൂ ഫ്രണ്ടിയേഴ്സ്" എന്ന വിഷയത്തിലായിരിക്കും പ്രഭാഷണം. സർദാർ വല്ലഭായ്

RNU TVPM

പട്ടേലിന്റെ സ്മരണയ്ക്കായി പ്രസാർ ഭാരതിയാണ് പ്രഭാഷണം സംഘടിപ്പിക്കുന്നത്.

***********************************

## കനസ് ജാഗ ചലച്ചിത്ര മേള

കുടുംബശ്രീ മിഷൻറെ ആഭിമുഖ്യത്തിൽ തദ്ദേശ സമൂഹത്തിൻറെ നേർക്കാഴ്ചകളുമായി കനസ് ജാഗ ചലച്ചിത്ര മേള ഇന്ന് എറണാകുളം സെന്റ് തെരേസസ് കോളേജിൽ മന്ത്രി എം ബി രാജേഷ് ഉദ്ഘാടനം ചെയ്യും. തദ്ദേശ മേഖലയിലെ കുട്ടികളെ വ്യത്യസ്ത രംഗങ്ങളിൽ മികവുറ്റവരാക്കുക എന്നതാണ് രണ്ടുദിവസത്തെ ചലച്ചിത്ര മേളയുടെ ലക്ഷ്യം.

***********************************

## കണ്ണൂർ-ആറളം ഫാം (ഇൻട്രോ)

കണ്ണൂർ ആറളം ഫാമിൽ കുരങ്ങു ശല്യം വർധിക്കുന്നു. കാട്ടാനയെ കൂടാതെ കുരങ്ങുകളും ഫാമിൽ വിളകൾ നശിപ്പിക്കുന്നത് വ്യാപകമാവുകയാണ്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

(വോയിസ്)

***********************************

## ആറളം-പ്രത്യേക അദാലത്ത്

കണ്ണൂർ ആറളം ഫാമിലെ താമസക്കാർക്ക് മാത്രമായി അടുത്തമാസം 27, 28 തീയതികളിൽ പ്രത്യേക അദാലത്ത് നടത്തുമെന്ന് സംസ്ഥാന പട്ടികജാതി ഗോത്ര വർഗ കമ്മീഷൻ

RNU TVPM

ചെയർമാൻ ശേഖരൻ മിനിയോടൻ അറിയിച്ചു. കണ്ണൂരിൽ കമ്മീഷന്റെ പരാതി പരിഹാര അദാലത്തിന് ശേഷം സംസാരിക്കുകയായിരുന്നു ചെയർമാൻ.

**********************************

## N.N കൃ ഷ്ണദാസ്

മുൻ MP N.N കൃഷ്ണദാസ് മാധ്യമ പ്രവർത്തകരെ അധിക്ഷേപിച്ചു സംസാരിച്ച സംഭവത്തിൽ കേരള പത്രപ്രവർത്തക യൂണിയൻ അപലപിച്ചു. കൃഷ്ണദാസ് മാപ്പു പറയണമെന്ന് KUWJ സംസ്ഥാന പ്രസിഡണ്ട് K.P റജിയും ജനറൽ സെക്രട്ടറി സുരേഷ് എടപ്പാളും തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു.

RNU TVPM

**********************************

## ഡ്രോൺ

സംസ്ഥാനത്ത് ഖനനമേഖലയുടെ സർവ്വേയ്ക്ക് ഡ്രോൺ ഉപയോഗം പ്രാബല്യത്തിൽ. മൈനിങ്ങ് ആന്റ് ജിയോളജി വകുപ്പ് കെൽട്രോണിന്റെ സഹായത്തോടെ വികസിപ്പിച്ചെടുത്ത ഡ്രോൺ ലിഡാർ സർവ്വേ പ്രവർത്തനമാരംഭിച്ചു. സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതോടെ കൂടുതൽ കൃത്യതയോടെയുള്ള സർവ്വേ സാധ്യമാകുന്നത് അഴിമതി സാധ്യതകൾ ഇല്ലാതാക്കും.

**********************************

## ശിക്ഷ

ലൈംഗിക പീഡനക്കേസിലെ പ്രതിക്ക് 40 വർഷം കഠിനതടവും രണ്ടുലക്ഷം രൂപ പിഴയും ശിക്ഷ വിധിച്ച് മഞ്ചേരി സ്പെഷ്യൽ പോക്സോ കോടതി. എടവണ്ണ പത്തപ്പിരിയം പാറക്കൽ

മൂത്തേടത്ത് ഇല്യാസിനെയാണ് ശിക്ഷിച്ചത്. കൂട്ടുകാർക്കൊപ്പം കളിക്കുകയായിരുന്ന കുട്ടിയെ മിഠായി തരാമെന്നുപറഞ്ഞ് പ്രലോഭിപ്പിച്ച് കൂട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചെന്നാണ് കേസ്.

**********************************

ഹെഡ്‌ലൈൻ-7

## ക്രിക്കറ്റ്

പുനെ ക്രിക്കറ്റ് ടെസ്റ്റിൽ ന്യൂസിലന്റിനെതിരെ ഇന്ത്യക്കു 359 റൺസ് വിജയലക്ഷ്യം. മൂന്നാം ദിവസം ബാറ്റിംഗ് പുനഃരാരംഭിച്ച ന്യൂസിലാൻഡ് രണ്ടാം ഇന്നിങ്സിൽ 255 റൺസ് നു എല്ലാവരും പുറത്തായി. മറുപടി ബാറ്റിങ്ങിൽ ഇന്ത്യ ഒടുവിൽ വിവരം ലഭിക്കുമ്പോൾ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 110 റൺസ് എന്ന നിലയിലാണ്.

**********************************

## സൂപ്പർ ലീഗ് കേരള

സൂപ്പർ ലീഗ് കേരളയിൽ ഇന്ന് തൃശൂർ മാജിക് എഫ്‌സി കാലിക്കറ്റ് എഫ്‌സിയെ നേരിടും. മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ തിരുവനന്തപുരം കൊമ്പൻസ് എഫ് സിയെ ഫോഴ്സ കൊച്ചി എഫ് സി പരാജയപ്പെടുത്തി. ഒന്നിനെതിരെ മൂന്ന് ഗോളുകൾക്കാണ് ഫോഴ്സാ കൊച്ചിയുടെ ജയം.

**********************************

## സംസ്ഥാന സബ്ജൂനിയർ ചാമ്പ്യൻഷിപ്പ്

അമച്വർ തെയ്ക്ക്വഡോ അസോസിയേഷൻ സംസ്ഥാന സബ്ജൂനിയർ ചാമ്പ്യൻഷിപ്പ് ഇന്നും നാളെയുമായി കാഞ്ഞങ്ങാട് ദുർഗ്ഗാ ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും.

RNU TVPM

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നായി 650 കായിക താരങ്ങൾ പങ്കെടുക്കും.

**********************************

## ദീപാവലി സ്പെഷ്യൽ ട്രെയിൻ

ദീപാവലി പ്രമാണിച്ച് യാത്രക്കാരുടെ സൗകര്യാർത്ഥം നാളെ മുതൽ നവംബർ 7 വരെ 195 പ്രത്യേക ട്രെയിനുകൾ ഓടിക്കുമെമെന്ന് റെയിൽവേ അറിയിച്ചു. ഒരു ലക്ഷത്തി 70,000 അധിക സീറ്റുകൾ ലഭ്യമാക്കുമെന്ന് ഉത്തര റെയിൽവേ ജനറൽ മാനേജർ അശോക് കുമാർ വർമ ആകാശവാണി വാർത്തകളോട് പറഞ്ഞു.

*

***************

****************************************************

RNU TVPM